2026
NOVEMBER
17
TUESDAY

www.societytodaynews.com

സൊസൈറ്റി ടുഡേ
SOCIETY TODAY e-paper

ചില്ലറ പണപ്പെരുപ്പം രണ്ടു വർഷത്തെ ഉയർന്ന നിരക്കിൽ

■ ഗ്രാമീണ മേഖലയിൽ വിലക്കയറ്റം രൂക്ഷം
■ കേരളം ദേശീയ നിരക്കിനു മുകളിൽ



ന്യൂദൽഹി: ഭക്ഷ്യവസ്തുക്കളുടെ വിലയിലുണ്ടായ കുതിച്ചുചാട്ടത്തെ തുടർന്ന് രാജ്യത്തെ ചില്ലറ പണപ്പെരുപ്പം കുത്തനെ ഉയർന്നു. ഉപഭോക്തൃ വിലസൂചിക (സിപിഐ) അടിസ്ഥാനമാക്കിയുള്ള ഒക്ടോബറിലെ ചില്ലറ പണപ്പെരുപ്പം രണ്ടു വർഷത്തെ ഏറ്റവും ഉയർന്ന നിരക്കായ 6.09 ശതമാനത്തിലെത്തി. സെപ്റ്റംബറിൽ 5.54 ശതമാനത്തിലെത്തിലായിരുന്നു. ദേശീയ സ്റ്റാറ്റിസ്റ്റിക്സ് ഓഫിസ് പുറത്തുവിട്ട കണക്കുകൾ പ്രകാരം 2024 ഒക്ടോബറിന് (6.21%) ശേഷമുള്ള ഏറ്റവും ഉയർന്ന പണപ്പെരുപ്പ നിരക്കാണിത്.

രണ്ടു വർഷത്തിനിടെ ആദ്യമായാണ് റിസർവ് ബാങ്ക് ഓഫ് ഇന്ത്യയുടെ ഉയർന്ന പരിധിയായ ആറു ശതമാനത്തിനു മുകളിൽ പണപ്പെരുപ്പമെത്തിയത്. ആർബിഐയുടെ ലക്ഷ്യമായ നാലു ശതമാനത്തിനു മുകളിലാണ് തുടർച്ചയായ അഞ്ചാം മാസവും പണപ്പെരുപ്പം തുടരുന്നത്.

രാജ്യത്ത് ഉപഭോക്തൃവിലകൾ തുടർച്ചയായി വർധിക്കുന്ന പന്ത്രണ്ടാമത്തെ മാസമാണിത്. വിലക്കയറ്റം അളക്കാൻ ഉപയോഗിക്കുന്ന ഉത്പന്നങ്ങളുടെ പട്ടിക പരിഷ്കരിച്ചുകൊണ്ട് ഇന്ത്യ 2026 ഫെബ്രുവരി 12ന് ചില്ലറ പണപ്പെരുപ്പത്തിന്റെ അടിസ്ഥാന വർഷം 2012ൽനിന്ന് 2024 ആയി പുതുക്കിയിരുന്നു.

ഏറ്റവും പുതിയ കണക്കുകൾ പ്രകാരം, ചില്ലറ വിലക്കയറ്റം തുടർച്ചയായ ഒൻപതാം മാസവും വർധിച്ചിരിക്കുന്നു. 2026 ജനുവരിയിൽ 2.74 ശതമാനമായിരുന്നു ഈ നിരക്ക്, ഇപ്പോൾ ഇരട്ടിയിലധികമായി ഉയർന്നു.

ഭക്ഷ്യ പണപ്പെരുപ്പത്തിലുണ്ടായ വൻ കുതിപ്പാണ് പ്രധാനമായും നിരക്കുകൾ ഉയർത്തിയത്. സെപ്റ്റംബറിലെ 7.74 ശതമാനത്തിൽനിന്ന് 8.94 ശതമാനമായി ഭക്ഷ്യപണപ്പെരുപ്പം ഉയർന്നു. വർഷാരംഭം മുതൽ സവാളയുടെ വില ഇരട്ടിയായി വർധിച്ചു. ഇറച്ചി, പാൽ, മുട്ട തുടങ്ങിയ താരതമ്യേന വിലവ്യതിയാനം കുറഞ്ഞ പ്രോട്ടീൻ സന്പുഷ്ടമായ ഭക്ഷ്യവസ്തുക്കൾക്കും വിലകൂടിയിട്ടുണ്ട്.

സെപ്റ്റംബറിൽ 108.09 ശതമാനത്തിലെത്തിയ സവാളയുടെ വിലക്കയറ്റം ഒക്ടോബറിൽ 116.22 ശതമാനം രേഖപ്പെടുത്തി. വെളുത്തുള്ളി (54.62 %നിന്ന് 60.74 %), നാരങ്ങ (36.41 %നിന്ന് 47.30 %) എന്നിവയുടെ വിലയും ഉയർന്ന നിലയിൽ തുടരുന്നു.

എന്നാൽ ഇഞ്ചിയുടെ വിലക്കയറ്റം സെപ്റ്റംബറിലെ 62.85 ശതമാനത്തിൽനിന്ന് 48.32 ശതമാനമായി കുറഞ്ഞിട്ടുണ്ട്. ഉരുളക്കിഴങ്ങ്, കോളിഫ്ളവർ, തേങ്ങ, വഴുതനങ്ങ, കാബേജ് എന്നിവയുടെ വിലക്കയറ്റത്തിൽ ഇടിവുണ്ടായിട്ടുണ്ട്.

നഗരങ്ങളേക്കാൾ ഗ്രാമീണ മേഖലയെയാണ് വിലക്കയറ്റം രൂക്ഷമായി ബാധിച്ചത്. നഗരങ്ങളിൽ പണപ്പെരുപ്പം സെപ്റ്റംബറിൽ 4.88 ശതമാനത്തിൽനിന്ന് 5.41 ശതമാനമായും ഗ്രാമീണ മേഖലയിൽ 6.08 ശതമാനത്തിൽനിന്ന് 6.63 ശതമാനമായും കുതിച്ചുയർന്നു.

ഭക്ഷ്യോത്പന്നങ്ങൾ അടിസ്ഥാനമാക്കിയുള്ള പണപ്പെരുപ്പത്തിലും ഗ്രാമീണമേഖല മുന്നിലാണ്. 8.06 ശതമാനത്തിൽനിന്ന് 9.09 ശതമാനത്തിലും നഗരങ്ങളിൽ 7.18 ശതമാനത്തിൽനിന്ന് 8.68 ശതമാനത്തിലും ഉയർന്നു.

50 ലക്ഷത്തിലധികം ജനസംഖ്യയുള്ള വലിയ സംസ്ഥാനങ്ങളിൽ 7.29 ശതമാനം പണപ്പെരുപ്പവുമായി തമിഴ്നാടാണ് പട്ടികയിൽ ഒന്നാമത്.

തെലങ്കാന (7.26 %), ആന്ധ്രാപ്രദേശ് (7.25 %), മധ്യപ്രദേശ് (7.19 %), ഒഡീഷ (7.17 %) എന്നിവയാണ് തൊട്ടുപിന്നിലുള്ള സംസ്ഥാനങ്ങൾ. കേരളത്തിന്റേത് (6.22 %) ദേശീയ നിരക്കിനേക്കാൾ മുകളിലാണ്.



ആർബിഐ റിപ്പോ നിരക്ക് വീണ്ടും ഉയർത്തിയേക്കും

മുംബൈ: ഇന്ത്യയുടെ ചില്ലറ പണപ്പെരുപ്പം ഒക്ടോബറിൽ രണ്ട് വർഷത്തിനിടയിലെ ഏറ്റവും ഉയർന്ന നിരക്കായ 6.09 ശതമാനമായി ഉയർന്നത് റിസർവ് ബാങ്കിന് പുതിയ വെല്ലുവിളിയായി മാറിയിട്ടുണ്ട്. ആർ.ബി.ഐയുടെ ഉയർന്ന ടോളറൻസ് പരിധിയായ 6 ശതമാനത്തെ മറികടന്നതോടെ, ഡിസംബർ 24 തീയതികളിൽ ചേരുന്ന അടുത്ത മോണിറ്ററി പോളിസി കമ്മിറ്റി (എം.പി.സി) യോഗത്തിൽ റിപ്പോ നിരക്ക് 25 ബേസിസ് പോയിന്റുകൾ കൂടി വർദ്ധിപ്പിച്ചേക്കുമെന്ന് സാമ്പത്തിക വിദഗ്ധർ അഭിപ്രായപ്പെടുന്നു.നിക്ഷേപം തുടങ്ങൂ

കഴിഞ്ഞ ഒക്ടോബറിൽ ബെഞ്ച്മാർക്ക് റിപ്പോ നിരക്ക് 25 ബേസിസ് പോയിന്റ് വർദ്ധിപ്പിച്ച് 5.50% ആക്കിയിട്ടും പണപ്പെരുപ്പം നിയന്ത്രണവിധേയമാകാത്തതാണ് പുതിയ ആശങ്കയ്ക്ക് കാരണം. സെപ്റ്റംബറിലെ 5.54 ശതമാനത്തിൽ നിന്നാണ് പണപ്പെരുപ്പം ഇപ്പോൾ 6.09 ശതമാനമായി വർധിച്ചതെന്ന് സ്റ്റാറ്റിസ്റ്റിക്സ് ആൻഡ് പ്രോഗ്രാം ഇംപ്ലിമെന്റേഷൻ മന്ത്രാലയം പുറത്തുവിട്ട കണക്കുകൾ വ്യക്തമാക്കുന്നു.

26 ശതമാനം പരിധിക്കുള്ളിൽ പണപ്പെരുപ്പം നിലനിർത്താൻ ബാധ്യസ്ഥരായ സെൻട്രൽ ബാങ്ക് ഇതിനെതിരെ കർശന നടപടികൾ സ്വീകരിക്കുമെന്നാണ് സൂചന.

തുടർച്ചയായ പണപ്പെരുപ്പ സമ്മർദ്ദങ്ങൾ, ദുർബലമാകുന്ന രൂപയുടെ മൂല്യം, ക്രൂഡ് ഓയിൽ വില വർദ്ധനവ് എന്നിവയാണ് നിരക്ക് വർദ്ധനവിലേക്ക് നയിക്കുന്ന പ്രധാന ഘടകങ്ങൾ. ഭക്ഷ്യവിലയുടെയും അടിസ്ഥാന പണപ്പെരുപ്പത്തിന്റെയും ഗതി വിലയിരുത്തിയാകും ആർ.ബി.ഐയുടെ അന്തിമ തീരുമാനം. എങ്കിലും അടുത്ത മാസം നടക്കുന്ന യോഗത്തിൽ പലിശ നിരക്ക് വീണ്ടും ഉയരുമെന്ന പ്രതീക്ഷയാണ് സാമ്പത്തിക രംഗത്തുള്ളവർ പങ്കുവെക്കുന്നത്.

ICL
Join ICL, Grow with us
ICL Fincorp
ഗോൾഡ് ലോൺ @ 7.5* പൈസ
*As Per EMI Scheme Basis *T&C Apply
പ്രതിമാസ പലിശ നിരക്ക് 100 രൂപയ്ക്ക്
കുറഞ്ഞ പലിശ നിരക്ക്
ഉയർന്ന മൂല്യം | അതിവേഗം
TOLL-FREE : 1800 31 333 53

റഷ്യയിൽ നിന്നുള്ള ഇന്ത്യയുടെ എണ്ണ ഇറക്കുമതി റെക്കോഡ് നിരക്കിൽ

ന്യൂദൽഹി: അമേരിക്കയുടെ ഉപരോധങ്ങൾക്കിടയിലും റഷ്യയിൽ നിന്നുള്ള ഇന്ത്യയുടെ എണ്ണ ഇറക്കുമതി ഒക്ടോബറിൽ റെക്കോഡ് നിരക്കിലെത്തി. ഒക്ടോബറിൽ 640 കോടി യൂറോയുടെ (ഏകദേശം 58,000 കോടി യിലധികം രൂപ) ഇന്ധനമാണ് ഇന്ത്യ വാങ്ങിയത്. 2022 ജനുവരിക്ക് ശേഷമുള്ള ഏറ്റവും ഉയർന്ന പ്രതിമാസ കണക്കാണിത്. ഇന്ത്യ വൻതോതിൽ എണ്ണ വാങ്ങിയതോടെ 2022 ഡിസംബറിന് ശേഷമുള്ള ഏറ്റവും ഉയർന്ന പ്രതിമാസ വരുമാനം നേടാൻ റഷ്യക്ക് സാധിച്ചതായി സെന്റർ ഫോർ റിസർച് ഓൺ എനർജി ആൻഡ് ക്ലീൻ എയർ (സി.ആർ.ഇ.എ)പ്രതിമാസ വിശകലന റിപ്പോർട്ട് വ്യക്തമാക്കുന്നു.



സെപ്റ്റംബറിനെ അപേക്ഷിച്ച് ഒക്ടോബറിൽ റഷ്യൻ എണ്ണ ഇറക്കുമതിയിൽ 10 ശതമാനത്തിന്റെ വർധനവാണുണ്ടായത്. നയാര എനർജിയുടെ വാഡിനാർ റിഫൈനറി(12 ശതമാനം), റിലയൻസിന്റെ ജാംനഗർ റിഫൈനറി (22 ശതമാനം), ഇന്ത്യൻ ഓയിലിന്റെ പാരദീപ് റിഫൈനറി (28 ശതമാനം) എന്നിവിടങ്ങളിലേക്ക് റഷ്യയിൽ നിന്നുള്ള എണ്ണ ഇറക്കുമതി വർധിച്ചു.

ഒക്ടോബറിൽ റഷ്യൻ ഫോസിൽ ഇന്ധനങ്ങൾ ഏറ്റവും കൂടുതൽ വാങ്ങിയ രണ്ടാമത്തെ രാജ്യമാണ് ഇന്ത്യ. ചൈനയാണ് മുന്നിൽ. പശ്ചിമേഷ്യയിലെ സംഘർഷങ്ങളും ഹുർമുസ് കടലിടുക്കിലെ ഉപരോധവും കാരണം ആഗോള വിപണിയിൽ എണ്ണവില കുതിച്ചുയർന്നത് റഷ്യൻ എണ്ണക്ക് ഡിമാൻഡ് ഉയരാൻ കാരണമായി.

സൊസൈറ്റി ടുഡേ
SOCIETY TODAY



അപകടരഹിത കേരളത്തിനായി 'ജീവ സുയാത്ര'യ്ക്ക് തുടക്കം

കൊച്ചി: സംസ്ഥാനത്ത് റോഡപകടങ്ങളും മരണങ്ങളും 50 ശതമാനം കുറയ്ക്കുക എന്ന ലക്ഷ്യത്തോടെ സർക്കാർ നടപ്പാക്കുന്ന സമഗ്ര ജീവൻരക്ഷാ പദ്ധതിയായ 'ജീവസുയാത്ര' മിഷന്റെ സംസ്ഥാനതല ഉദ്ഘാടനം മുഖ്യമന്ത്രി വി.ഡി സതീശൻ നിർവഹിച്ചു. പദ്ധതിയുടെ ടീസറും മുഖ്യമന്ത്രി പ്രകാശനം ചെയ്തു. മിഷന്റെ ബ്രാൻഡ് അംബാസഡറായ നടൻ മമ്മൂട്ടി പദ്ധതിയുടെ ലോഗോ പ്രകാശനം ചെയ്തു. എറണാകുളം ടൗൺ ഹാളിൽ നടന്ന ചടങ്ങിൽ ഗതാഗത മന്ത്രി സി.പി ജോൺ അധ്യക്ഷത വഹിച്ചു.

റോഡ് അപകടങ്ങളുടെ കാര്യത്തിൽ കേരളം ആശങ്കാജനകമായ സാഹചര്യത്തിലൂടെയാണ് കടന്നുപോകുന്നത്. ദിവസവും നിരവധി ജീവനുകളാണ് റോഡുകളിൽ നഷ്ടപ്പെടുന്നത്. അപകടങ്ങളിൽ കുട്ടികളും യുവാക്കളും കുടുംബത്തിന്റെ ഏക ആശ്രയമായവരും ഇരകളാകുന്നു. ഗുരുതരമായി പരിക്കേറ്റ് ജീവിതകാലം മുഴുവൻ ദുരിതമനുഭവിക്കേണ്ടിവരുന്നവരും നിരവധിയാണ്. ഈ സാഹചര്യത്തിന് മാറ്റം വരുത്താൻ സമൂഹത്തിന്റെ കൂട്ടായ ഇടപെടൽ അനിവാര്യമാണെന്നും മുഖ്യമന്ത്രി പറഞ്ഞു.

റോഡ് സുരക്ഷ ഗതാഗത വകുപ്പിന്റെയോ പോലീസിന്റെയോ മോട്ടോർ വാഹന വകുപ്പിന്റെയോ മാത്രം ഉത്തരവാദിത്വമല്ല. ഓരോ പൗരനും ഇക്കാര്യത്തിൽ ഉത്തരവാദിത്വമുണ്ട്. നിയമങ്ങൾ പാലിക്കുന്നതും മറ്റുള്ളവരുടെ ജീവൻ വിലകൽപ്പിക്കുന്നതും ജീവിതശൈലിയുടെ ഭാഗമാകണം. റോഡ് സംസ്കാരം വളർത്തിയെടുക്കുകയാണ് ലക്ഷ്യം. നിയമലംഘനങ്ങൾക്കെതിരെ മുഖം നോക്കാതെ കർശന നടപടി സ്വീകരിക്കണം. നിയമനടപടികളിൽ ജനപ്രതിനിധികളോ മറ്റാരെങ്കിലുമോ ശുപാർശകളുമായി ഇടപെടരുതെന്നും മുഖ്യമന്ത്രി വ്യക്തമാക്കി.

മദ്യപിച്ച് വാഹനമോടിക്കൽ, അമിതവേഗം, വാഹനമോടിക്കുമ്പോൾ മൊബൈൽ ഫോൺ ഉപയോഗിക്കൽ, ഗതാഗതസിഗ്നലുകളും നിയമങ്ങളും ലംഘിക്കൽ തുടങ്ങിയ പ്രവണതകൾ കർശനമായി നിയന്ത്രിക്കണം. നിയമലംഘകർക്ക് പിഴ ചുമത്തുന്നതുൾപ്പെടെയുള്ള നടപടികളിൽ വിട്ടുവീഴ്ചയുണ്ടാകരുത്. ആവശ്യമെങ്കിൽ ഡ്രൈവിങ് ലൈസൻസ് റദ്ദാക്കുന്നതുൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കണം. റോഡ് മുറിച്ചുകടക്കുന്ന കാൽനടയാത്രക്കാർക്ക് മുൻഗണന നൽകുന്നതും സുരക്ഷിതമായ യാത്രയുടെ ഭാഗമാകണമെന്നും അദ്ദേഹം പറഞ്ഞു.

വിദേശരാജ്യങ്ങളിൽ വാഹനമോടിക്കുമ്പോൾ നിയമങ്ങൾ കൃത്യമായി പാലിക്കുന്ന മലയാളികൾ സ്വന്തം നാട്ടിലും അതേ ഉത്തരവാദിത്വബോധം പുലർത്തണം. നിയമങ്ങൾ കർശനമായി നടപ്പാക്കുന്നതിനൊപ്പം റോഡുകളുടെ സുരക്ഷയും ഗുണനിലവാരവും ഉറപ്പാക്കണം. അടുത്ത ആറുമാസക്കാലം ശക്തമായ പരിശോധനകളും നടപടികളും തുടർന്നാൽ ഒരു വർഷത്തിനുള്ളിൽ കേരളത്തിൽ മികച്ച റോഡ് സുരക്ഷാ സംസ്കാരം വളർത്തിയെടുക്കാൻ കഴിയുമെന്നും മുഖ്യമന്ത്രി കൂട്ടിച്ചേർത്തു.

കേരളത്തിൽ പ്രതിവർഷം റോഡപകടങ്ങളിൽ ജീവൻ നഷ്ടപ്പെടുന്നവരുടെ എണ്ണം ഏതാനും വർഷങ്ങൾക്കുള്ളിൽ പകുതിയായി കുറയ്ക്കുകയാണ് റോഡ് സുരക്ഷാ മിഷന്റെ പ്രധാന ലക്ഷ്യമെന്ന് അധ്യക്ഷ പ്രസംഗത്തിൽ ഗതാഗത വകുപ്പ് മന്ത്രി സി.പി. ജോൺ പറഞ്ഞു. നിയമനടപടികൾക്കും ശിക്ഷയ്ക്കും പ്രാധാന്യം നൽകുന്നതിനുപകരം ജനങ്ങളെ ബോധവൽക്കരിച്ച് മികച്ച ഡ്രൈവിങ് സംസ്കാരം വളർത്തിയെടുക്കുന്നതിനാണ് മിഷൻ മുൻഗണന നൽകുന്നത്. എൻലൈറ്റൻ ആൻഡ് എൻഫോഴ്സ്' എന്ന ആശയത്തിലൂന്നി മമ്മൂട്ടിയുടെ നേതൃത്വത്തിൽ ബോധവൽക്കരണവും സർക്കാരിന്റെ നേതൃത്വത്തിൽ നിയമനടപടികളും ശക്തമാക്കും. റോഡപകടങ്ങൾ നിരവധി കുടുംബങ്ങളുടെ ജീവിതത്തെ ദുരിതത്തിലാക്കുന്ന സാഹചര്യത്തിൽ, വിലപ്പെട്ട ജീവനുകൾ സംരക്ഷിക്കുകയും കേരളത്തിന്റെ കണ്ണീരൊപ്പുകയും ചെയ്യുന്ന ദൗത്യമായി റോഡ് സുരക്ഷാ മിഷൻ മാറുമെന്നും മന്ത്രി പറഞ്ഞു.

കേരളത്തിൽ പ്രതിവർഷം റോഡപകടങ്ങളിൽ 3,500 മുതൽ 4,000 വരെ പേർ മരിക്കുന്ന സാഹചര്യം വലിയ ദുരന്തമാണെന്ന് ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി ഡോ. റോജി എം. ജോൺ പറഞ്ഞു. നൂറ്റാണ്ടിലെ വലിയ ദുരന്തങ്ങളായി കണക്കാക്കുന്ന പ്രളയങ്ങളിലും ഉരുൾപൊട്ടലുകളിലും ഉണ്ടായതിനേക്കാൾ കൂടുതൽ ജീവനുകളാണ് ഓരോ വർഷവും റോഡുകളിൽ നഷ്ടമാകുന്നത്. റോഡപകട മരണങ്ങളും അപകടങ്ങളും കുറച്ച് നിരത്തുകൾ സുരക്ഷിതമായ യാത്രയിടങ്ങളാക്കി മാറ്റാൻ റോഡ് സുരക്ഷാ മിഷനായ ജീവ സുയാത്ര മിഷന് കഴിയട്ടെയെന്നും മന്ത്രി ആശംസിച്ചു.

പദ്ധതിയുടെ ബ്രാൻഡ് അംബാസഡർ ആയ മമ്മൂട്ടി, ഹൈബി ഈഡൻ എം പി, എം എൽ എ ടി ജെ വിനോദ്, മുനിസിപ്പൽ കോർപ്പറേഷൻ മേയർ വി. കെ. മിനിമോൾ, കളക്ടർ ജി പ്രിയങ്ക ഐ എ എസ്, ഗതാഗത വകുപ്പ് സെക്രട്ടറി ഡോ. ഷർമിള മേരി ജോസഫ്, സിറ്റി പോലീസ് കമ്മിഷണർ ആർ നിശാന്തിനി ഐ.പി.എസ്, ട്രാൻസ്പോർട്ട് കമ്മിഷണർ ജി. സ്പർജൻ കുമാർ ഐ.പി.എസ്, വാർഡ് കൗൺസിലർ സുധ ദിലീപ് കുമാർ, ഐ ജി പി, ട്രാഫിക് & റോഡ് സേഫ്റ്റി കമ്മീഷണർ എസ്. സതീഷ് ബിനോ ഐ.പി.എസ് തുടങ്ങിയവർ ചടങ്ങിൽ പങ്കെടുത്തു.

ശബരിമല സുരക്ഷ: 3205 പൊലിസ് ഉദ്യോഗസ്ഥർ ആദ്യഘട്ട ഡ്യൂട്ടിയിൽ

പത്തനംതിട്ട: ശബരിമല തീർഥാടനവുമായി ബന്ധപ്പെട്ടു സന്നിധാനം, പമ്പ, നിലയ്ക്കൽ എന്നിവിടങ്ങളിലായി സുരക്ഷാ ചുമതലയിലുള്ള പൊലിസിന്റെ

ഡ്യൂട്ടി ആറു ഘട്ടങ്ങളിലായി ക്രമീകരിക്കും. ഓരോ ഘട്ടത്തിലും സൂപ്രണ്ട് ഓഫ് പോലീസ് പദവിയിലുള്ള ഉദ്യോഗസ്ഥന്റെ നേതൃത്വത്തിലായിരിക്കും സുരക്ഷാ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുക. സന്നിധാനത്ത് 1543, പമ്പയിൽ 915, നിലയ്ക്കലിൽ 747 എന്നിങ്ങനെ ആകെ 3205 പൊലിസ് ഉദ്യോഗസ്ഥരെയാണ് ഓരോ ഘട്ടത്തിലും വിന്യസിക്കുക. ആദ്യഘട്ടത്തിലെ ഉദ്യോഗസ്ഥർ ഇന്നു ചുമതലയിൽ പ്രവേശിക്കും.

പൊലിസ് സേനയ്ക്ക് പുറമേ മോട്ടോർ ട്രാൻസ്പോർട്ട് വിഭാഗം, ടെലികമ്യൂണിക്കേഷൻ വിഭാഗം, ജില്ലാസംസ്ഥാന സ്പെഷ്യൽ ബ്രാഞ്ച്, കമാൻഡോ വിഭാഗം, സി ആർപിഎഫ്, റാപ്പിഡ് ആക്ഷൻ ഫോഴ്സ് തുടങ്ങിയ വിവിധ സുരക്ഷാ വിഭാഗങ്ങളിലെ ഉദ്യോഗസ്ഥരും ശബരിമല ഡ്യൂട്ടിയുടെ ഭാഗമായി സേവനമനുഷ്ഠിക്കും.

മണ്ഡലമകരവിളക്ക് സീസൺ അവസാനിക്കുന്നതുവരെ തീർഥാടകരുടെ യാത്ര സുഗമമാക്കുന്നതിനും ഗതാഗത നിയന്ത്രണത്തിനുമായി 500ലധികം സ്പെഷ്യൽ പൊലിസ് ഓഫീസർമാരെ വിവിധ കേന്ദ്രങ്ങളിൽ നിയോഗിച്ചിട്ടുണ്ട്. ഗതാഗത നിയന്ത്രണത്തിനും വിവിധ ഇടത്താവളങ്ങളിലെ പ്രവർത്തനങ്ങൾക്കും ഇവരുടെ സേവനം പ്രയോജനപ്പെടുത്തും. പമ്പയിലേക്കും സന്നിധാനത്തേക്കും പോകുന്ന തീർഥാടകരുടെ പ്രധാന ഇടത്താവളമായ നിലയ്ക്കലിൽ തിരക്ക് നിയന്ത്രിക്കുന്നതിനും ഗതാഗതവും പാർക്കിംഗും ക്രമീകരിക്കുന്നതിനും താത്കാലിക പൊലിസ് സ്റ്റേഷൻ നിർണായക പങ്കുവഹിക്കും. തീർഥാടകരുടെ വരവും മടക്കവും ക്രമീകരിക്കുക, വാഹന ഗതാഗതം നിയന്ത്രിക്കുക, പാർക്കിംഗ് സംവിധാനങ്ങൾ നിരീക്ഷിക്കുക, തിരക്കുമൂലമുള്ള അപകടസാധ്യതകൾ ഒഴിവാക്കുക, അടിയന്തര സാഹചര്യങ്ങളിൽ വേഗത്തിൽ ഇടപെടുക തുടങ്ങിയ ചുമതലകൾ സ്റ്റേഷൻ നിർവഹിക്കും.

നിലയ്ക്കൽ ബേസ് ക്യാമ്പ് പരിസരം മുഴുവൻ ശക്തമായ പൊലിസ് കാവലിലും സിസിടിവി നിരീക്ഷണത്തിലുമായിരിക്കും. തീർഥാടകർക്ക് ആവശ്യമായ സഹായവും മാർഗനിർദേശവും നൽകുന്നതിനൊപ്പം ക്രമസമാധാന പ്രശ്നങ്ങൾ ഉണ്ടാകാതിരിക്കാനും പൊലിസ് പ്രത്യേക ജാഗ്രത പുലർത്തും. ശബരിമല തീർഥാടനത്തോടനുബന്ധിച്ച് പന്തളത്ത് 24 മണിക്കൂറും പ്രവർത്തിക്കുന്ന പൊലിസ് എയ്ഡ് പോസ്റ്റും സജ്ജമാക്കിയിട്ടുണ്ട്. തീർഥാടകർക്ക് ആവശ്യമായ സഹായവും മാർഗനിർദേശവും നൽകുന്നതിനും പ്രദേശത്തെ ക്രമസമാധാനവും ഗതാഗത ക്രമീകരണങ്ങളും നിരീക്ഷിക്കുന്നതിനും എയ്ഡ് പോസ്റ്റിൻറെ പ്രവർത്തനം സഹായകമാകും. തീർഥാടനകാലം മുഴുവൻ പൊലിസ് ഉദ്യോഗസ്ഥരുടെ സേവനം ഇവിടെ ഉറപ്പാക്കും. തീർഥാടകർക്ക് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിൻറെ ഭാഗമായി പത്തനംതിട്ട ജില്ലയുടെ വിവിധ ഭാഗങ്ങളിലായി 18 ഇടത്താവളങ്ങളും വിവിധ കേന്ദ്രങ്ങളിലായി 20 സ്നാനഘട്ടങ്ങളും സജ്ജമാക്കിയിട്ടുണ്ട്.



സൊസൈറ്റി ടുഡേ SOCIETY TODAY





കെ.എസ്.ബേബി, ഷക്കീല സുവർധൻ, അമ്പിളി സലിംകുമാർ

കെ.വി.വി.ഇ.എസ്: എളമക്കര വിനിതാ വിംഗ് ഭാരവാഹികളെ തിരഞ്ഞെടുത്തു

കൊച്ചി: കേരള വ്യാപാരി വ്യവസായി ഏകോപന സമിതി (കെ. വി.വി.ഇ.എസ്) എളമക്കര യൂണിറ്റിലെ വനിതാ വിംഗ് ഭാരവാഹികളെ തിരഞ്ഞെടുത്തു. കെ.എസ്.ബേബി (പ്രസിഡന്റ്), ഷക്കീല സുവർധൻ (ജനറൽ സെക്രട്ടറി) അമ്പിളി സലിംകുമാർ (ട്രഷറർ) എളമക്കര യൂണിറ്റ് പ്രസിഡന്റ് എഡ്വേർഡ് ഫോസ്റ്റസിന്റെ അധ്യക്ഷതയിൽ കൂടിയ യോഗമാണ് ഭാരവാഹികളെ തിരഞ്ഞെടുത്തത്. യോഗത്തിൽ കെ.വി.വി.ഇ.എസ് എറണാകുളം നിയോജകമണ്ഡലം പ്രസിഡന്റ് എം.സി.പോൾസൺ മുഖ്യ പ്രഭാഷണം നടത്തി. യൂണിറ്റ് ജനറൽ സെക്രട്ടറി എസ്.മനോജ് കുമാർ, എറണാകുളം ടൗൺ നോർത്ത് യൂണിറ്റ് പ്രസിഡന്റ് ദീപു ജോസഫ്, വനിതാ വിംഗ് ജില്ലാ പ്രസിഡന്റ് ജയ പീറ്റർ, യൂത്ത് വിംഗ് നിയോജകമണ്ഡലം ജനറൽ സെക്രട്ടറി ജംഷീർ വയലിൽ തുടങ്ങിയവർ പ്രസംഗിച്ചു.





ലിയ ദീപു, എലിസബത്ത് ജോസഫ്, പി.ഷഹാന

കെ.വി.വി.ഇ.എസ്: എറണാകുളം ടൗൺ നോർത്ത് വിനിതാ വിംഗ് ഭാരവാഹികളെ തിരഞ്ഞെടുത്തു

കൊച്ചി: കേരള വ്യാപാരി വ്യവസായി ഏകോപന സമിതി (കെ. വി.വി.ഇ.എസ്) എറണാകുളം ടൗൺ നോർത്ത് യൂണിറ്റിലെ വനിതാ വിംഗ് ഭാരവാഹികളെ തിരഞ്ഞെടുത്തു. ലിയ ദീപു (പ്രസിഡന്റ്), എലിസബത്ത് ജോസഫ് (ജനറൽ സെക്രട്ടറി) പി.ഷഹാന (ട്രഷറർ) എറണാകുളം ടൗൺ നോർത്ത് യൂണിറ്റ് പ്രസിഡന്റ് ദീപു ജോസഫിന്റെ അധ്യക്ഷതയിൽ കൂടിയ യോഗമാണ് ഭാരവാഹികളെ തിരഞ്ഞെടുത്തത്. യോഗത്തിൽ കെ.വി.വി.ഇ.എസ് എറണാകുളം ജില്ലാ പ്രസിഡന്റ് പി.സി.ജേക്കബ് മുഖ്യ പ്രഭാഷണം നടത്തി. ജില്ലാ ജനറൽ സെക്രട്ടറി സി.എസ്.രാമചന്ദ്രൻ, ജില്ലാ സെക്രട്ടറി കെ.വി.ജോയി, എറണാകുളം നിയോജകമണ്ഡലം പ്രസിഡന്റ് എം.സി.പോൾസൺ, വനിതാ വിംഗ് ജില്ലാ പ്രസിഡന്റ് ജയ പീറ്റർ, യൂത്ത് വിംഗ് സംസ്ഥാന വർക്കിംഗ് പ്രസിഡന്റ് പ്രദീപ് ജോസ്, പച്ചാളം യൂണിറ്റ് ജനറൽ സെക്രട്ടറി സി.വി.രാജു, യൂത്ത് വിംഗ് നിയോജകമണ്ഡലം ജനറൽ സെക്രട്ടറി ജംഷീർ വയലിൽ, യൂണിറ്റ് ട്രഷറർ സൂരജ് തുടങ്ങിയവർ പ്രസംഗിച്ചു.

പ്രാദേശിക തൊഴിലവസരങ്ങൾ സൃഷ്ടിക്കും: മന്ത്രി എ.പി. അനിൽകുമാർ

കോഴിക്കോട്: പതിനഞ്ചാം പഞ്ചവത്സര പദ്ധതി രൂപീകരണത്തിന്റെ ഭാഗമായി സംസ്ഥാന ആസൂത്രണ ബോർഡിൻറെ നേതൃത്വത്തിൽ കോഴിക്കോട് പാളയം ഹോട്ടൽ കിംഗ് ഫോർട്ടിൽ സംഘടിപ്പിച്ച ആശയ രൂപീകരണ യോഗം മന്ത്രി എ.പി. അനിൽകുമാർ ഉദ്ഘാടനം ചെയ്തു. മുൻകാലങ്ങളിൽ നിന്ന് വ്യത്യസ്തമായി ജില്ലാതല യോഗങ്ങളിലൂടെ പൊതുജനങ്ങളുടെയും ജനപ്രതിനിധികളുടെയും ആശയങ്ങൾ കൂടി ഉൾക്കൊണ്ടുകൊണ്ടായിരിക്കും പദ്ധതി രൂപീകരിക്കുകയെന്ന് മന്ത്രി വ്യക്തമാക്കി. പന്ത്രണ്ടാം പഞ്ചവത്സര പദ്ധതിക്ക് ശേഷം രാജ്യത്തെ മറ്റ് സംസ്ഥാനങ്ങൾ പഞ്ചവത്സര പദ്ധതികൾ ഉപേക്ഷിച്ചപ്പോഴും കാർഷിക വിപ്ലവത്തിനും ദാരിദ്ര്യ നിർമ്മാർജ്ജനത്തിനും വ്യാവസായിക വളർച്ചയ്ക്കും അടിത്തറയിട്ട ഈ ആസൂത്രണ രീതി മുന്നോട്ട് കൊണ്ടുപോകാനാണ് കേരളം തീരുമാനിച്ചതെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി. സാമ്പത്തിക വളർച്ച, സാമൂഹിക നീതി, സാങ്കേതിക പുരോഗതി, പരിസ്ഥിതി സൗഹൃദവും സുസ്ഥിരവുമായ വികസനം എന്നിവ സമന്വയിപ്പിച്ച് പുതുയുഗ കേരളം വികസന മാതൃകയ്ക്ക് രൂപം നൽകുകയാണ് പദ്ധതിയുടെ ലക്ഷ്യം. നിലവിലെ ആഗോള സാഹചര്യത്തിൽ വിദേശ വരുമാനത്തെയും സർക്കാർ ജോലികളെയും മാത്രം ആശ്രയിച്ച് മുന്നോട്ട് പോകാൻ കഴിയില്ലെന്നും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ പ്രാദേശിക തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും ചെറുകിടവൻകിട സംരംഭങ്ങൾ തുടങ്ങുന്നതിനും പദ്ധതിയിൽ മുൻഗണന നൽകുമെന്നും മന്ത്രി പറഞ്ഞു.

കാർഷിക മേഖലയിലേക്കുള്ള ശക്തമായ തിരിച്ചുവരവ് അനിവാര്യമാണെന്നും അയൽസംസ്ഥാനങ്ങളെ അപേക്ഷിച്ച് ഉത്പാദന രംഗത്തുള്ള കുറവ് പരിഹരിക്കണമെന്നും അദ്ദേഹം ഓർമ്മിപ്പിച്ചു.പഞ്ചായത്തുകൾക്കുള്ള വിഹിതം ബജറ്റിന്റെ ഭാഗമായി തന്നെ നീക്കിവയ്ക്കുന്ന രാജ്യത്തെ ഏക സംസ്ഥാനമാണ് കേരളമെന്ന് മന്ത്രി പറഞ്ഞു.

ചടങ്ങിൽ ഫൈസൽ ബാബു എംഎൽഎ അധ്യക്ഷത വഹിച്ചു. സംസ്ഥാന ആസൂത്രണ ബോർഡ് ഉപാധ്യക്ഷൻ കെ.എം. ചന്ദ്രശേഖർ ആമുഖപ്രഭാഷണം നടത്തി. മേയർ ഒ. സദാശിവൻ, എം.കെ. രാഘവൻ എംപി, ഷാഫി പറമ്പിൽ എംപി ഉൾപ്പെടെയുള്ളവർ പങ്കെടുത്തു.



ഡോ. കോശീസ് ഡെന്റൽ ഇംപ്ലാന്റ് സെന്റർ ശിശുദിനത്തിൽ സംഘടിപ്പിച്ച 'ടൂത്ത് കാർണിവൽ' പങ്കെടുക്കാനെത്തിയ കുട്ടികളും രക്ഷിതാക്കളും

ശിശുദിന സന്ദേശം: കുട്ടികൾക്കായി 'ടൂത്ത് കാർണിവൽ' സംഘടിപ്പിച്ചു

കൊച്ചി: കുട്ടികളിൽ ചെറുപ്രായത്തിലേ മികച്ച ദന്തസംരക്ഷണ ശീലങ്ങൾ വളർത്തിയെടുക്കുന്നതിനായി ശിശുദിനത്തിൽ ഡോ. കോശീസ് ഡെന്റൽ ഇംപ്ലാന്റ് സെന്ററിൽ 'ടൂത്ത് കാർണിവൽ' സംഘടിപ്പിച്ചു. 3 മുതൽ 15 വയസ്സ് വരെയുള്ള കുട്ടികളെ മൂന്ന് വിഭാഗങ്ങളായി തിരിച്ച് ദന്തസംരക്ഷണത്തെക്കുറിച്ചും ടൂത്ത് ബ്രഷ്, ടൂത്ത് പേസ്റ്റ്, ഫ്ലോസിങ്, മൗത്ത് വാഷ് എന്നിവയുടെ ശരിയായ ഉപയോഗത്തെക്കുറിച്ചും ക്ലാസുകൾ നടത്തി. കുട്ടികൾക്കൊപ്പം രക്ഷിതാക്കൾക്കും ദന്തശുചിത്വം, ഭക്ഷണക്രമം, ദന്തക്ഷയം തടയുന്നതിനുള്ള മുൻകരുതലുകൾ എന്നിവയെക്കുറിച്ചുള്ള പ്രത്യേക പരിശീലന പരിപാടിയും ഒരുക്കിയിരുന്നു.

ദന്തപരിചരണത്തിനായി കഴിഞ്ഞ മൂന്ന് പതിറ്റാണ്ടായി തന്നെ സമീപിക്കുന്ന രോഗികൾക്കും അവരുടെ കുട്ടികൾക്കുമായാണ് ടൂത്ത് കാർണിവൽ സംഘടിപ്പിച്ചതെന്ന് ഡോ. എൽദോ കോശി പറഞ്ഞു. 'സീറോ കാവിറ്റി ഡ്രൈവ്' എന്ന ആശയത്തിലൂന്നി, ചികിത്സാഘട്ടമെത്തുന്നതിന് മുമ്പേ ചെറുപ്പത്തിലേ കൃത്യമായ ബോധവത്കരണത്തിലൂടെ പല്ലുകളുടെ ആരോഗ്യം സംരക്ഷിക്കുക എന്ന ലക്ഷ്യത്തോടെയാണ് കാർണിവൽ സംഘടിപ്പിച്ചതെന്നും അദ്ദേഹം വ്യക്തമാക്കി. ഡോ. അനു അന്ന പോൾ, ഡോ. അനീന ജോർജ് എന്നിവരും പരിപാടിക്ക് നേതൃത്വം നൽകി.



മണീട് ഗ്രാമപഞ്ചായത്തിൽ എന്റെ കുളം പദ്ധതിക്ക് തുടക്കം

കൊച്ചി: മണീട് ഗ്രാമപഞ്ചായത്തിന്റെ നേതൃത്വത്തിൽ മുത്തൂറ്റ് ഫിനാൻസിന്റെ സി.എസ്.ആർ. ഫണ്ട് വിനിയോഗിച്ച് നടപ്പിലാക്കുന്ന 'എന്റെ കുളം' പദ്ധതിക്ക് തുടക്കമായി. പദ്ധതിയുടെ ഭാഗമായി നാല് ലക്ഷം രൂപ ചെലവഴിച്ച് മണീട് ഗ്രാമപഞ്ചായത്തിലെ കുട്ടണം കുളം, ഉദയം കുളം, ചാത്തൻ കുളം, മൈക്കുളം എന്നിവ നവീകരിക്കും. എറണാകുളം ജില്ലാ ഭരണകൂടത്തിന്റെ സാങ്കേതിക സഹായത്തോടെയാണ് പദ്ധതി നടപ്പിലാക്കുന്നത്.

പദ്ധതിയുടെ ഉദ്ഘാടനം ഭക്ഷ്യ, പൊതുവിതരണ, ഉപഭോക്തൃകാര്യ വകുപ്പ് മന്ത്രി അനൂപ് ജേക്കബ് നിർവഹിച്ചു. മുത്തൂറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി ആൻഡ് സയൻസസ് (എം.ഐ.ടി.എസ്.), കൊച്ചി പ്രിൻസിപ്പൽ ഡോ. നീലകണ്ഠൻ പി. സി. മുഖ്യാതിഥിയായി. മണീട് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ഷിജി ചടങ്ങിൽ അധ്യക്ഷത വഹിച്ചു.

പരമ്പരാഗത ജലസ്രോതസ്സുകളുടെ സംരക്ഷണവും പുനരുജ്ജീവനവും ലക്ഷ്യമിടുന്ന പദ്ധതിയിലൂടെ കുളങ്ങളിലെ മണ്ണും ചെളിയും നീക്കം ചെയ്ത് അവയുടെ ജലസംഭരണശേഷി വർധിപ്പിക്കുകയാണ് ലക്ഷ്യമിടുന്നത്.

ഭൂഗർഭജല ലഭ്യത മെച്ചപ്പെടുത്തുന്നതിനും പ്രദേശത്തെ ജലലഭ്യത ഉറപ്പാക്കുന്നതിനും ജൈവവൈവിധ്യം സംരക്ഷിക്കുന്നതിനും ഈ പ്രവർത്തനങ്ങൾ സഹായകമാകും.

'ഒ.എം' ഓപ്പറേഷൻ മോൾ

മമ്മൂട്ടി, ധനുഷ്, സായി പല്ലവി എന്നിവരെ പ്രധാന കഥാപാത്രങ്ങളാക്കി രാജ് കുമാർ പെരിയസാമി സംവിധാനം ചെയ്യുന്ന 'ഒ.എം ഓപ്പറേഷൻ മോൾ' എന്ന ചിത്രത്തിന്റെ ട്രെയ്‌ലർ തരംഗമാകുന്നു. കഴിഞ്ഞ ദിവസം യൂട്യൂബിൽ റിലീസ് ചെയ്ത ട്രെയിലർ 12 മണിക്കൂറിനുള്ളിൽ ഒരു കോടിക്ക് മേൽ വ്യൂസ് നേടി യൂട്യൂബ് ട്രെൻഡിങ്ങിൽ മുന്നേറുന്നു.

നവംബർ 20ന് ആഗോള റിലീസിനു ഒരുങ്ങുന്ന ഈ ബ്രഹ്മാണ്ഡ ചിത്രം കേരളത്തിൽ എത്തിക്കുന്നത് ബിനു ജോർജ് അലക്സാണ്ടർ പ്രൊഡക്ഷൻസാണ്. ഡ്രീം ബിഗ് ഫിലിംസാണ് കേരളത്തിലെ ഡിസ്ട്രിബ്യൂഷൻ പാർട്ണർ.

ആക്ഷനും വൈകാരിക മുഹൂർത്തങ്ങളും ത്രില്ലിംഗ് രംഗങ്ങളും സമന്വയിപ്പിക്കുന്ന വമ്പൻ സിനിമാറ്റിക് അനുഭവത്തിന്റെ സൂചനകളാണ് ട്രെയ്‌ലർ നൽകുന്നത്. കാടിന്റെ പശ്ചാത്തലത്തിൽ അരങ്ങേറുന്ന സംഘർഷങ്ങളും ചന്ദനക്കടത്തുമായി ബന്ധപ്പെട്ട സംഭവവികാസങ്ങളും ചിത്രത്തിന്റെ പ്രധാന കഥാതലങ്ങളാകുമെന്ന സൂചനയാണ് ട്രെയ്‌ലർ നൽകുന്നത്. അധികാരവും നിയമവും അതിജീവനവും ഏറ്റുമുട്ടുന്ന ലോകത്തേക്ക് പ്രേക്ഷകരെ കൂട്ടിക്കൊണ്ടുപോകുന്ന ദൃശ്യങ്ങൾക്കൊപ്പം ശക്തമായ ആക്ഷൻ രംഗങ്ങളും വൈകാരിക മുഹൂർത്തങ്ങളും ട്രെയ്‌ലറിന്റെ ആകർഷണമാണ്. ഓരോ കഥാപാത്രത്തിനും കഥയിൽ നിർണായകമായ സ്ഥാനമുണ്ടെന്ന തോന്നലും അവതരണത്തിലെ തീവ്രതയും ചിത്രത്തെക്കുറിച്ചുള്ള ആകാംക്ഷ വർധിപ്പിക്കുന്നു.

റെഡ് ഹിൽസ് കാർത്തികേയൻ എന്ന കഥാപാത്രമായി മമ്മൂട്ടി എത്തുമ്പോൾ, ചിത്രത്തിലെ കേന്ദ്ര കഥാപാത്രത്തെ ധനുഷ് അവതരിപ്പിക്കുന്നു. ഐ.പി.എസ്. ഉദ്യോഗസ്ഥ നിത്യ റെഡ്ഡിയായാണ് സായ് പല്ലവി അവതരിപ്പിക്കുന്നത്. നിയമവിരുദ്ധമായ ചന്ദനക്കടത്ത് തടയാനുള്ള നിർണായക ദൗത്യത്തിന് നേതൃത്വം നൽകുന്ന കഥാപാത്രമാണ് നിത്യ. സായ് പല്ലവിയുടെ ശക്തമായ സാന്നിധ്യത്തിനൊപ്പം ഇന്ത്യൻ സിനിമയിലെ ലെജൻഡ് താരം നസ്രുദീൻ ഷാ, മലയാളത്തിന്റെ പ്രിയതാരം ഇന്ദ്രൻസ് എന്നിവരും ചിത്രത്തിന്റെ പ്രമുഖ ഭാഗമാകുന്നുണ്ട്.

റോജ എന്ന മറ്റൊരു നായികാ കഥാപാത്രമായി ശ്രീലീലയും എത്തുന്നുണ്ട്. വ്യത്യസ്ത തലമുറകളിലെ മികച്ച അഭിനേതാക്കൾ ഒരുമിക്കുന്ന താരനിരയാണ് ചിത്രത്തിന്റെ മറ്റൊരു പ്രത്യേകത. തമിഴത്തിന്റെ പുത്തൻ മ്യൂസിക്ക് സെൻഷനായ സായ് അഭ്യങ്കറിന്റെ സംഗീതമാണ് ഓമിന്റെ മുഖ്യ ഹൈലൈറ്റുകളിലൊന്ന്.

പ്രൊഡക്ഷൻ ബാനർ വണ്ടർബാർ ഫിലിംസ്, ആർടേക്ക് സ്റ്റുഡിയോസ്, പ്രൊഡ്യൂസർ ശ്രദ്ധ അഗർവാൾ, ധനുഷ്, അസ്മത് ജഗ്മഗ്, ക്രീയേറ്റീവ് പ്രൊഡ്യൂസർ വിഷ്ണു രാമസാമി, കോ പ്രൊഡ്യൂസർ ശ്രേയസ് ശ്രീനിവാസൻ, സന്ദേശ് അഗർവാൾ, ഛായാഗ്രഹണം എഴിൽ അരസൻ, സംഗീതം സായ് അഭയങ്കർ, എഡിറ്റിംഗ് ആർ കലൈവാണൻ, ആക്ഷൻ യാനിക് ബെൻ, കെച്ച ഖംഫക്ഡീ, പ്രൊഡക്ഷൻ ഡിസൈനർ രാജീവൻ, കലാസംവിധാനം ആർ പണ്ണീർ സെൽവം, നൃത്തം സാൻഡി, സൗണ്ട് ഡിസൈൻ സിങ്ക് സിനിമ, സൗണ്ട് മിക്സ് കണ്ണൻ ഗണപത്, കോസ്റ്റ്യൂം ഡിസൈനർ കാവ്യ ശ്രീറാം, ഡിഐ പ്രസാദ് ലാബ്, കളറിസ്റ്റ് രംഗ, വിഎഫ്എക്സ് ഫാന്റം എഫ് എക്സ്, സ്പെക്ടർ പോസ്റ്റ്, വിഎഫ്എക്സ് സൂപ്പർവൈസർ ശ്യാം പിഎം, ഡിജിറ്റൽ പി ആർ അഖിൽ വിഷ്ണു വി എസ്, പി. ആർ. ഒ അക്ഷയ് പ്രകാശ്, സ്റ്റിൽസ് വി സിട്രറസ്, മേക്കപ്പ് ബി രാജ, കോസ്റ്റ്യൂമർ നാഗ്, പബ്ലിസിറ്റി ഡിസൈൻ കബിലൻ, പ്രൊഡക്ഷൻ കൺട്രോളർ ഡി രമേശ് കുചിരായർ, പ്രൊഡക്ഷൻ എക്സിക്യൂട്ടീവ് മീനുശ്രീ ഹരിഹരൻ, കേരള ഡിസ്ട്രിബ്യൂഷൻ ബിനു ജോർജ് അലക്സാണ്ടർ പ്രൊഡക്ഷൻസ് ഡ്രീം ബിഗ് ഫിലിംസ്.



മായൻ ചാപ്റ്റർ 1 ഡിസംബർ 3ന്

മാജിക്ക് മൂൺ പ്രൊഡക്ഷൻസിന്റെ ബാനറിൽ രാജീവ് ഗോവിന്ദ് നിർമ്മിച്ച് ജയസൂര്യയെ നായകനാക്കി ജിതിൻ കെ ജോസ് സംവിധാനം ചെയ്യുന്ന 'മായൻ' ചാപ്റ്റർ വണ്ണിന്റെ ആദ്യ ഗാനം പുറത്തിറങ്ങി. കൊല്ലിപ്രാക്ക് എന്ന ഗാനത്തിന് വരികൾ രചിച്ചത് രാജീവ് ഗോവിന്ദാണ്. തീർത്തും വ്യത്യസ്തത നിറഞ്ഞ ഗാനത്തിന് സംഗീതം നൽകിയിരിക്കുന്നത് മുജീബ് മജീദാണ്. ജോൺസ് റോയ്, എക്കോസ് കയർ എൻസെംബിൾ ടീമും ചേർന്നാണ് ഗാനം ആലപിച്ചിരിക്കുന്നത്.

മായൻ ചാപ്റ്റർ വണ്ണിന്റെ ടീസറിന് മികച്ച പ്രതികരണമാണ് സോഷ്യൽ മീഡിയയിൽ ലഭിച്ചത്. കേരളത്തിലെ തൃശ്ശൂർ കുന്നംകുളം ഭാഗം കേന്ദ്രീകരിച്ച് പറയപ്പെടുന്ന കറുത്തച്ചൻ എന്ന മിത്തിനെ കേന്ദ്രീകരിച്ചാണ് കഥാ സഞ്ചാരം എന്നാണ് ഏറെ ആകാംക്ഷയുണർത്തുന്ന ടീസർ നൽകുന്ന സൂചന. ജെയിസൺ വർഗീസ് എന്ന പോലീസ് കഥാപാത്രത്തെയാണ് ജയസൂര്യ ചിത്രത്തിൽ അവതരിപ്പിക്കുന്നത്. ചിത്രത്തിന്റെ കഥാഗതിയുടെ ആകാംക്ഷ വർധിപ്പിക്കുന്ന വിധത്തിലാണ് പുതിയ ഗാനം പുറത്തിറങ്ങിയിരിക്കുന്നത്. ഡിസംബർ 3ന് ചിത്രം തീയറ്ററുകളിൽ എത്തും.

രാജ്യാതിർത്തികൾക്കപ്പുറത്തേക്ക് വ്യാപിക്കുന്ന നിഗൂഢതകളുടെ പശ്ചാത്തലത്തിലാണ് ചിത്രം ഒരുങ്ങുന്നതെന്ന് നേരത്തെ പുറത്തുവന്നിരുന്ന സൂചനകൾ ശരിവെയ്ക്കുകയാണ് ടീസറും ഗാനവും. കേരളത്തിലെ ചില പുരാതന ക്രിസ്തീയ കുടുംബങ്ങളുമായി ബന്ധപ്പെടുത്തി പറയപ്പെടുന്ന കറുത്തച്ചനൂട്ട് എന്ന ദുർമന്ത്രവാദ രീതി നിഗൂഢതയും ആഗോള പശ്ചാത്തലവും സമന്വയിപ്പിക്കുന്ന മിസ്റ്ററി ത്രില്ലറായിരിക്കും മായൻ ചാപ്റ്റർ 1 എന്നാണ് ടീസർ നൽകുന്ന പ്രതീക്ഷ.

കളങ്കാവൽ എന്ന ചിത്രത്തിന് ശേഷം ജിതിൻ കെ. ജോസ് സംവിധാനം ചെയ്യുന്ന സിനിമയാണ് മായൻ ചാപ്റ്റർ 1. ഓർഡിനറി, അനാർക്കലി തുടങ്ങിയ വിജയചിത്രങ്ങൾ നിർമ്മിച്ച രാജീവ് ഗോവിന്ദൻ മാജിക് മൂൺ പ്രൊഡക്ഷൻസിന്റെ ബാനറിൽ ഒരുക്കുന്ന മൂന്നാമത്തെ ചിത്രമാണിത്. റാഫിയും ജിതിൻ കെ. ജോസും ചേർന്നാണ് തിരക്കഥ തയ്യാറാക്കിയിരിക്കുന്നത്. ജയസൂര്യയ്ക്ക് പുറമേ നൈല ഉഷ,വിജയ് ബാബു ,ജിബിൻ ഗോപിനാഥ്, ഐശ്വര്യരാജ്, ആർഷ ബൈജു തുടങ്ങിയ താരങ്ങളാണ് മറ്റ് കഥാപാത്രങ്ങളെ അവതരിപ്പിക്കുന്നത്

ഛായാഗ്രഹണം: ഫൈസൽ അലി, സംഗീതം: മുജീബ് മജീദ്, എഡിറ്റിംഗ്: പ്രവീൺ പ്രഭാകർ, പ്രൊഡക്ഷൻ കൺട്രോളർ: ദീപക് പരമേശ്വരൻ, പ്രൊഡക്ഷൻ ഡിസൈനർ: സുനിൽ ദാസ്, ലൈൻ പ്രൊഡ്യൂസർ: രോഹിത് ആർ. നായർ, കോസ്റ്റ്യൂം: സമീറ സനീഷ്, മേക്കപ്പ്: അമൽ ചന്ദ്രൻ, ചീഫ് അസോസിയേറ്റ് ഡയറക്ടർ: ബോസ് വി, വരികൾ: രാജീവ് ഗോവിന്ദൻ, ജിതിൻ കെ. ജോസ്, കോറൈറ്റർ: ശ്രീഖിൽ ശ്രീനിവാസൻ, പി.ആർ.ഒ: വിപിൻ കുമാർ വി, വൈശാഖ് സി. വടക്കേവീട്, ജിനു അനിൽകുമാർ, സ്റ്റിൽസ്: സിനത് സേവ്യർ, പബ്ലിസിറ്റി ഡിസൈനർ: ആന്റണി സ്റ്റീഫൻ, യെല്ലോ ടൂത്ത്സ്, ഡിസ്ട്രിബ്യൂഷൻ: സെഞ്ചറി ഫിലിംസ്, മ്യൂസിക് റൈറ്റ്സ്: യൂണിവേഴ്സൽ മ്യൂസിക്.



സൊസൈറ്റി ടുഡേ
SOCIETY TODAY



അഡയാർ ആനന്ദഭവൻ ആഗോള വിപണിയിലേക്ക്

ചെന്നൈ: തമിഴ്നാട്ടിലെ വിരുദനഗറിൽ തുടങ്ങി രാജ്യംമുഴുവൻ ദോശയുടെ പെരുമയെത്തിച്ച അഡയാർ ആനന്ദഭവൻ ആഗോള വിപണിയിലേക്കും ചുവടുവെക്കാൻ ഒരുങ്ങുന്നു. അഡയാർ ആനന്ദഭവൻ റസ്റ്റന്റ് ശൃംഖലയിൽ മാധ്യമ രാജാവ് റൂപർട്ട് മർഡോക്കിന്റെ ഇളയമകൻ ജെയിംസ് മർഡോക് നിക്ഷേപം നടത്തി.

1600 കോടിയുടെ നിക്ഷേപമാണ് ജെയിംസ് മർഡോകും റിലയൻസ് ഡിസ്നി ഉദ്യോഗസ്ഥനായ ഉദയ് ശങ്കറും ചേർന്ന ബോധി ട്രീ സിസ്റ്റംസ് അഡയാർ ആനന്ദ ഭവനിൽ നടത്തിയത്.

രാജ്യത്ത് 16 റസ്റ്റന്റുകളാണ് അഡയാർ ആനന്ദ് ഭവന് ഉള്ളത്. വിദേശത്ത് 32 ഔട്ട്ലെറ്റുകളുമുണ്ട്. 15,000 പേരാണ് അഡയാർ ആനന്ദ് ഭവനിൽ ജോലി ചെയ്യുന്നത്.

തമിഴ്നാട്ടിലെ രാജപാളയത്ത് കെ.എസ്. തിരുപ്പതി രാജ ആരംഭിച്ച ചെറിയൊരു മധുരപലഹാരക്കടയാണ് പിന്നീട് അടയാർ ആനന്ദഭവൻ എന്ന ബ്രാൻഡായി വളർന്നത്. പാചകത്തിലും മധുരപലഹാര നിർമാണത്തിലും അനുഭവസമ്പത്തുമായാണ് അദ്ദേഹം സംരംഭക ലോകത്തേക്ക് കടന്നത്.

തുടക്കത്തിൽ ഗുരു സ്വീറ്റ്സ് എന്ന പേരിലായിരുന്നു കടയുടെ പ്രവർത്തനം. എന്നാൽ കൃഷിയിലുണ്ടായ തിരിച്ചടിയും സാമ്പത്തിക പ്രതിസന്ധിയും അദ്ദേഹത്തെ പുതിയ ഇടങ്ങൾ തേടാൻ നിർബന്ധിതനാക്കി.

കുടുംബത്തോടൊപ്പം ബംഗളൂരുവിലേക്ക് മാറിയ അദ്ദേഹം അവിടെ നിന്ന് വീണ്ടും ബിസിനസ് കെട്ടിപ്പടുത്തു. പിന്നീട് ചെന്നൈയിലെത്തിയതോടെ ശ്രീ ആനന്ദഭവൻ എന്ന പേരിൽ മധുരപലഹാരക്കട ആരംഭിച്ചു.

അടയാറിൽ തുടങ്ങിയ ഔട്ട്ലെറ്റിന്റെ ജനപ്രീതിയാണ് സ്ഥാപനത്തിന് അടയാർ ആനന്ദഭവൻ എന്ന പേര് സമ്മാനിച്ചത്.

മധുരപലഹാരങ്ങളിൽ ഒതുങ്ങിനിൽക്കാതെ റസ്റ്റന്റ് മേഖലയിലേക്ക് കൂടി പ്രവർത്തനം വ്യാപിപ്പിച്ചതോടെ വളർച്ചയുടെ വേഗം കൂടി.

ഇഡ്ഡലി, ദോശ, ഊണ് തുടങ്ങിയ ദക്ഷിണേന്ത്യൻ വിഭവങ്ങൾക്കൊപ്പം ചാറ്റ് വിഭവങ്ങളും പലഹാരങ്ങളും ഉൾപ്പെടുത്തി വിപുലമായ ഭക്ഷണ ശൃംഖലയായി അഡയാർ ആനന്ദഭവൻ മാറി. പിന്നീട് രാജ്യത്തിന് പുറത്തേക്കും പ്രവർത്തനം വ്യാപിച്ചു.



കേരളത്തിന്റെ സാംസ്കാരിക പൈതൃകം ഡിസൈനുകളിൽ പ്രതിഫലിക്കണമെന്ന് മുഖ്യമന്ത്രി

കൊച്ചി: കേരളത്തിന്റെ സാംസ്കാരിക പൈതൃകവും തനത് വിജ്ഞാനവും പുതിയ ആശയങ്ങളും സമന്വയിപ്പിക്കുന്ന ഡിസൈനുകൾ സംസ്ഥാനത്തു രൂപപ്പെടണമെന്ന് മുഖ്യമന്ത്രി വി.ഡി. സതീശൻ.

ഡിസൈനർമാർക്കായി കേരളത്തിൽ സ്ഥാപനം ആരംഭിക്കാൻ താത്പര്യമുള്ളവർ മുന്നോട്ടുവന്നാൽ സർക്കാർ പൂർണ പിന്തുണ നൽകുമെന്നും അദ്ദേഹം പറഞ്ഞു. ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻറീരിയർ ഡിസൈനേഴ്സ് (ഐഐഐഡി) ഡിസൈൻ കോൺക്ലേവ് കളമശേരി ചാക്കോളാസിൽ ഉദ്ഘാടനം ചെയ്തു പ്രസംഗിക്കുകയായിരുന്നു അദ്ദേഹം.

കെട്ടിടങ്ങളുടെ രൂപകല്പനയിൽ അവയുടെ ആവശ്യകതയ്ക്കും പ്രാദേശിക സവിശേഷതകൾക്കും അനുസരിച്ചുള്ള മാറ്റങ്ങൾ ഉണ്ടാകണം. ആദ്യ ബജറ്റ് അവതരിപ്പിച്ചപ്പോൾ ആർക്കിടെക്ടുകൾക്കായി ഒരു സ്ഥാപനം ആരംഭിക്കുമെന്ന് പ്രഖ്യാപിച്ചിരുന്നു. അതുപോലെ ഡിസൈനർമാർക്കായി ഒരു സ്ഥാപനം ആരംഭിക്കേണ്ടതുണ്ട്.സർക്കാർ ആർക്കിടെക്ടുകൾ, എൻജിനിയർമാർ, ഡിസൈനർമാർ എന്നിവർക്കായി ആറുമാസത്തിലൊരിക്കൽ ഓറിയൻറേഷൻ, പുനഃപരിശീലന പരിപാടികൾ നടത്താനും പുതിയ ഡിസൈനുകൾ, പ്രമേയങ്ങൾ, കളർ കോഡുകൾ എന്നിവ പരിചയപ്പെടുത്താനും സർക്കാർ പിന്തുണ നൽകുമെന്നും മുഖ്യമന്ത്രി പറഞ്ഞു.

ഹൈബി ഈഡൻ എംപി മുഖ്യപ്രഭാഷണം നടത്തി. ഫിഷറീസ് മന്ത്രി വി.ഇ. അബ്ദുൾ ഗഫൂർ, കളമശേരി നഗരസഭ ചെയർമാൻ ജമാൽ മണക്കാടൻ എന്നിവർ പങ്കെടുത്തു. ഡിസൈനിംഗ് രംഗത്തെ പ്രഗത്ഭരായ എൻ. മഹേഷ്, എസ്. ഗോപകുമാർ, പരേതനായ എൻ.എം. സലിം എന്നിവരെ ആദരിച്ചു. ഐഐഐഐഡി നാഷണൽ ഹോണററി സെക്രട്ടറി അൻഷുമൻ ശർമ, കേരള റീജണൽ ചാപ്റ്റർ ചെയർപേഴ്സൺ ചിത്ര നായർ, ഹോണററി സെക്രട്ടറി സൂര്യ പ്രശാന്ത് എന്നിവർ പ്രസംഗിച്ചു.

ജനറാലി സെൻട്രൽ ലൈഫ് ഇൻഷ്വറൻസ് ഹിയർ നൗ കാമ്പയിൻ ആരംഭിച്ചു

കൊച്ചി: കുട്ടികളുടെ ഭാവി ആസൂത്രണവും വിരമിക്കൽ കാലത്തെ സാമ്പത്തികസുരക്ഷയും ലക്ഷ്യമിട്ടു ജനറാലി സെൻട്രൽ ലൈഫ് ഇൻഷ്വറൻസ് കമ്പനി ലിമിറ്റഡ് ബഡാ സോച്ചോ ഫോർ യുവർ ബിന്ദാസ് ഡ്രീംസ് എന്ന തത്വത്തിലൂന്നിയ ദേശീയ ബ്രാൻഡ് കാമ്പയിനായ ഹിയർ നൗവിന്റെ പുതിയ ഘട്ടം ആരംഭിച്ചു.

തെരഞ്ഞെടുത്ത ഇൻഷ്വറൻസ് പ്ലാനുകൾക്കൊപ്പം പ്രീമിയം വെയ്വർ റൈഡറും കമ്പനി അവതരിപ്പിച്ചിട്ടുണ്ട്.കുട്ടികളുടെ വിദ്യാഭ്യാസവും ഭാവിയും ലക്ഷ്യമിട്ടുള്ള ജനറാലി സെൻട്രൽ അഷ്വേർഡ് എഡ്യുക്കേഷൻ പ്ലാൻ, ലോംഗ് ടേം ഇൻകം പ്ലാൻ, മണി ബാക്ക് സൂപ്പർ പ്ലാൻ എന്നിവയും വിരമിക്കൽ ആസൂത്രണത്തിനുള്ള സുനേഹര പെൻഷൻ പ്ലാൻ, ലൈഫ് ടൈം പാർട്ണർ പ്ലാൻ തുടങ്ങിയവയും കമ്പനിയുടെ പോർട്ട്ഫോളിയോയിലുണ്ട്.

ആറ് യുവ ഗവേഷകർക്ക് ഇൻഫോസിസ് പ്രൈസ്

കൊച്ചി: ഇൻഫോസിസ് സയൻസ് ഫൗണ്ടേഷന്റെ ഇൻഫോസിസ് പ്രൈസ്2026ന് ആറു യുവ ഗവേഷകർ അർഹരായി. സാമ്പത്തികശാസ്ത്രം, എൻജിനിയറിംഗ് ആൻഡ് കംപ്യൂട്ടർ സയൻസ്, ഹ്യുമാനിറ്റീസ് ആൻഡ് സോഷ്യൽ സയൻസസ്, ലൈഫ് സയൻസസ്, മാത്തമാറ്റിക്കൽ സയൻസസ്, ഫിസിക്കൽ സയൻസസ് എന്നീ ആറു വിഭാഗങ്ങളിലാണ് പുരസ്കാരം.

കാർത്തിക് ശാസ്ത്രി, സ്വരുൺ കുമാർ, ഗൗതം ഭാട്ടിയ, ഇഷാ ജെയിൻ, ഋദ്ധിപ്രതിം ബസു, മനോജ് കുമാർ ജോഷി എന്നിവരാണു ജേതാക്കൾ.

40 വയസിൽ താഴെയുള്ള ഗവേഷകർക്കു നൽകുന്ന പുരസ്കാരത്തിൽ സ്വർണമെഡൽ, പ്രശസ്തിപത്രം, ഒരു ലക്ഷം ഡോളർ (ഏകദേശം 83 ലക്ഷം രൂപ) എന്നിവ ഉൾപ്പെടുന്നു. ഗവേഷണരംഗത്തെ മികച്ച സംഭാവനകൾ പരിഗണിച്ചാണ് പുരസ്കാരം.

ഇന്ത്യയുഎസ് വ്യാപാര കരാർ അന്തിമഘട്ടത്തിൽ



ന്യൂ ദൽ ഹി: ഇന്ത്യയുമായുള്ള നിർദിഷ്ട വ്യാപാര കരാറിൽ മറ്റ് എതിർ രാജ്യങ്ങളെ അപേക്ഷിച്ച് കുറഞ്ഞ ഇറക്കുമതി തീരുവ യുഎസ് ഉറപ്പുനൽകിയതായി റിപ്പോർട്ടുകൾ. ഇരുരാജ്യങ്ങളും തമ്മിലുള്ള വ്യാപാര കരാർ അന്തിമഘട്ടത്തിലാണെന്നും പ്രധാന വിഷയങ്ങളിൽ ധാരണയായതായും മുതിർന്ന സർക്കാർ ഉദ്യോഗസ്ഥനെ ഉദ്ധരിച്ച് വാർത്താ ഏജൻസിയായ എഎൻഐ റിപ്പോർട്ട് ചെയ്യുന്നു.

കരാറിന്റെ ആദ്യഘട്ടത്തിൽ ചരക്ക് വ്യാപാരമായിരിക്കും ഉൾപ്പെടുക. സേവന മേഖലയിലെ വ്യാപാരവുമായി ബന്ധപ്പെട്ട ചർച്ചകൾ അടുത്ത ഘട്ടത്തിലേക്ക് മാറ്റും. ഏകദേശം രണ്ടുവർഷമായി തുടരുന്ന ചർച്ചകളിൽ ഭൂരിഭാഗം വിഷയങ്ങളും പരിഹരിച്ചതായാണ് റിപ്പോർട്ടിൽ പറയുന്നത്.

യുഎസിന്റെ തീരുവ ഘടന സംബന്ധിച്ച മറ്റ് നടപടികൾ പൂർത്തിയാകുന്നതോടെ ഇന്ത്യക്ക് താരതമ്യേന കുറഞ്ഞ തീരുവയുടെ ആനുകൂല്യം ലഭിക്കുമെന്നാണ് പ്രതീക്ഷ. വാണിജ്യ മന്ത്രി പിയൂഷ് ഗോയലും കരാർ സംബന്ധിച്ച് ശുഭപ്രതീക്ഷ പ്രകടിപ്പിച്ചിട്ടുണ്ട്.

വ്യാപാര കരാറിലെ ഭൂരിഭാഗം പ്രശ്നങ്ങളും പരിഹരിച്ചെന്ന് വിദേശകാര്യ മന്ത്രി എസ്. ജയ്ശങ്കർ പറഞ്ഞു. അവസാനഘട്ട ആശങ്കകൾ പരിഹരിക്കുന്നതിനുള്ള ചർച്ചകൾ പുരോഗമിക്കുകയാണ്. ബാക്കിയുള്ള ചെറിയ തർക്കങ്ങൾ ഇന്ത്യയുടെ ഭാഗത്തുനിന്നുള്ളതല്ല. യുഎസിന്റെ ഭാഗത്തുനിന്നുള്ള മാറ്റങ്ങൾ കാരണമാണ് കരാർ വൈകുന്നതെന്നും കരാർ ഉടൻ ഒപ്പുവെക്കാൻ സാധിക്കുമെന്നും മന്ത്രി ജയ്ശങ്കർ പറഞ്ഞു.

ഡിസംബറിൽ യുഎസിൽ ജി20 ഉച്ചകോടി നടക്കാനിരിക്കെയാണ് വ്യാപാര കരാറുമായി ബന്ധപ്പെട്ട് ഇരുരാജ്യങ്ങളും നീക്കം വേഗത്തിലാക്കിയത്. ഉച്ചകോടിയിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി പങ്കെടുക്കും.

മോദിയും യുഎസ് പ്രസിഡന്റ് ഡോണൾഡ് ട്രംപും ഉച്ചകോടിക്കിടെ കൂടിക്കാഴ്ച നടത്തും. വ്യാപാര കരാറിലെ പുരോഗതി കൂടിക്കാഴ്ചയിൽ ചർച്ച ചെയ്യുമെന്ന് റിപ്പോർട്ടുകളുണ്ട്.

സൊസൈറ്റി ടുഡേ SOCIETY TODAY

ഓക്സിജൻ ഡിജിറ്റൽ ഹെറിറ്റേജ് ഷോറൂം ആലപ്പുഴയിൽ തുറന്നു

ആലപ്പുഴ: ഓക്സിജൻ ദി ഡിജിറ്റൽ എക്സ്പേർട്ടിന്റെ ആലപ്പുഴയിലെ പൈതൃക മാതൃകയിലുള്ള പുതിയ ഷോറൂം കെ.സി. വേണുഗോപാൽ എംപി ഉദ്ഘാടനം ചെയ്തു.

എംഎൽഎമാരായ ജി. സുധാകരൻ, എ.ഡി. തോമസ്, ആലപ്പുഴ നഗരസഭാ ചെയർപേഴ്സൺ മോളി ജേക്കബ്, പി.പി. ചിത്തരഞ്ജൻ, ആലപ്പുഴ നഗരസഭ കൗൺസിലർ എം.ജി. സതീദേവി, ബിജെപി ആലപ്പുഴ ജില്ലാ പ്രസിഡൻറ് പി.കെ. ബിനോയ്, മുസ്ലിം ലീഗ് ആലപ്പുഴ ജില്ലാ പ്രസിഡൻറ് എ.എം. നസീർ, ഓക്സിജൻ സിഇഒ ഷിജോ കെ. തോമസ് തുടങ്ങിയവർ പങ്കെടുത്തു. ഉദ്ഘാടനത്തിൻറെ ഭാഗമായി ഒരു ലക്ഷം രൂപ സമ്മാനം പ്രഖ്യാപിച്ച ഡിജിറ്റൽ ലക്കി ഡ്രോയുടെ നറുക്കെടുപ്പും നടത്തി.

ഓക്സിജന്റെ 493മത്തെ ഷോറൂമാണ് ആലപ്പുഴ ഇരുമ്പുപാലത്തിനു സമീപമുള്ള കെട്ടിടത്തിൽ പ്രവർത്തനമാരംഭിച്ചത്. ഉപയോക്താക്കൾക്കായി പ്രത്യേക ഓഫറുകളും വിലക്കുറവും ഏർപ്പെടുത്തിയിട്ടുണ്ട്. ടിവി, ഫ്രിഡ്ജ്, വാഷിംഗ് മെഷീൻ, ലാപ്ടോപ്പുകൾ, ഗൃഹോപകരണങ്ങൾ, ഗാഡ്ജെറ്റുകൾ, എസി, റെഫ്രിജറേറ്റർ, കൂളർ, ഇൻവെർട്ടർ ആൻഡ് ബാറ്ററികൾ തുടങ്ങിയവയുടെ വിപുലമായ കളക്ഷനാണ് ഇരുനിലകളിലുള്ള ഷോറൂമിൽ ഒരുക്കിയിരിക്കുന്നത്. എല്ലാത്തരം ഗൃഹോപകരണങ്ങളും ഏറ്റവും കുറഞ്ഞ വിലയിൽ സ്വന്തമാക്കാൻ ഷോറൂമിൽ അവസരമുണ്ട്. ലോകോത്തര ബ്രാൻഡുകളുടെ സ്മാർട്ട് ഫോണുകൾ, ലാപ്ടോപ്പുകൾ, ഡിജിറ്റൽ ഗാഡ്ജറ്റുകൾ എന്നിവയുടെ വലിയ ശ്രേഖലയും ഷോറൂമിലുണ്ട്. എഐ സാങ്കേതികവിദ്യയിലുള്ള നൂനത ഉത്പന്നങ്ങളാണ് ഷോറൂമിൽ ഒരുക്കിയിരിക്കുന്നത്.



മൊബൈൽ ഫോണുകൾക്ക് പ്രത്യേക ഓഫറുകളുമുണ്ട്. മൊബൈൽ ബ്രാൻഡുകൾ നൽകുന്ന വാറൻറിക്ക് പുറമെ ഓക്സിജൻ നൽകുന്ന അധികവാറൻറി സ്കീമുകളും പ്രൊട്ടക്ഷൻ പ്ലാനുകളും ഉൾപ്പെടുത്തിയിട്ടുണ്ട്. വിവിധ ധനകാര്യ സ്ഥാപനങ്ങളുമായി ചേർന്നുള്ള വായ്പാസൗകര്യവും ലഭ്യമാണ്. ഇതിലൂടെ ആകർഷകമായ തവണവ്യവസ്ഥയിൽ ഗൃഹോപകരണങ്ങളും ഡിജിറ്റൽ ഉത്പന്നങ്ങളും ഉപയോക്താക്കൾക്ക് സ്വന്തമാക്കാം.

ഡിസ്പ്ലേ കേടായ ലാപ്ടോപ്പുകൾക്കും മൊബൈൽ ഫോണുകൾക്കും സർവീസിനുശേഷം ഒരു വർഷത്തെ സൗജന്യ വൺ ടൈം റീപ്ലെയ്സ്മെൻറ് ഓഫറും ഉപയോക്താക്കൾക്ക് നൽകുന്നുണ്ട്. ഉപയോക്താക്കൾക്കായി വാലറ്റ് പാർക്കിംഗടക്കം പ്രത്യേക വാഹനപാർക്കിംഗ് സൗകര്യം ഒരുക്കിയിട്ടുണ്ട്.



ആന്ധ്രാപ്രദേശിൽ വമ്പൻ ഡാറ്റാ സെന്റർ പദ്ധതിയുമായി ബ്ലാക്ക്സ്റ്റോണിന്റെ എയർട്രങ്ക്

ഹൈദരാബാദ്: ഇന്ത്യയുടെ ഡിജിറ്റൽ അടിസ്ഥാന സൗകര്യ മേഖലയിൽ വൻ കുതിച്ചുചാട്ടത്തിന് വഴിയൊരുക്കി ആഗോള നിക്ഷേപ ഭീമനായ ബ്ലാക്ക്സ്റ്റോണിന്റെ ഉടമസ്ഥതയിലുള്ള ഡാറ്റാ സെന്റർ കമ്പനിയായ എയർട്രങ്ക് രംഗത്ത്.

ആന്ധ്രാപ്രദേശിൽ രണ്ട് കൂറ്റൻ ഹൈപ്പർസ്കെയിൽ ഡാറ്റാ സെന്റർ ക്യാമ്പസുകൾ സ്ഥാപിക്കുന്നതിനായി ഏകദേശം 1.03 ലക്ഷം കോടി രൂപയുടെ നിക്ഷേപ പദ്ധതി കമ്പനി മുന്നോട്ടുവെച്ചു. രാജ്യത്തെ ഏറ്റവും വലിയ ഡിജിറ്റൽ ഇൻഫ്രാസ്ട്രക്ചർ പദ്ധതികളിലൊന്നായി മാറുന്ന ഇതിന്റെ വിശദമായ പ്രോജക്ട് റിപ്പോർട്ട് കമ്പനി സമർപ്പിച്ചു കഴിഞ്ഞു.

ആകെ 1.8 ജിഗാവാട്ട് ശേഷിയുള്ള രണ്ട് ഡാറ്റാ സെന്റർ ക്യാമ്പസുകളാണ് ആന്ധ്രാപ്രദേശിൽ എയർട്രങ്ക് വിഭാവനം ചെയ്യുന്നത്. കമ്പനി പുറത്തുവിട്ട ഔദ്യോഗിക പ്രസ്താവനയിലാണ് ഇക്കാര്യം വ്യക്തമാക്കിയിരിക്കുന്നത്.

നിലവിൽ ഈ നിർദ്ദേശം ആന്ധ്രാപ്രദേശ് സംസ്ഥാന സർക്കാരിന്റെ പരിഗണനയിലാണ്. പദ്ധതിക്ക് അംഗീകാരം ലഭിക്കുന്നതോടെ ആഗോള സാങ്കേതിക ഭീമന്മാരുടെ പ്രധാന ഡാറ്റാ സെന്റർ ഹബ്ബായി മാറാനുള്ള ആന്ധ്രാപ്രദേശിന്റെ നീക്കങ്ങൾക്ക് വലിയ വേഗത കൈവരും.

അതേസമയം, ഇത്തരം വൻകിട പദ്ധതികൾക്കാവശ്യമായ വൈദ്യുതിയുടെയും ജലത്തിന്റെയും ലഭ്യത സംബന്ധിച്ച് സംസ്ഥാനത്ത് ആശങ്കകൾ ഉയരുന്നുണ്ട്. ഇത് പരിഹരിക്കുന്നതിനായി സംസ്ഥാനത്തെ പുനരുപയോഗ ഊർജ്ജ ശേഷി വർദ്ധിപ്പിക്കാനും ജലവിതരണ സംവിധാനങ്ങൾ ശക്തിപ്പെടുത്താനും സർക്കാർ നടപടികൾ സ്വീകരിച്ചുവരികയാണെന്ന് മുഖ്യമന്ത്രി എൻ. ചന്ദ്രബാബു നായിഡു വ്യക്തമാക്കി.

മുനിസിപ്പൽ ജലസ്രോതസ്സുകളെ ആശ്രയിക്കുന്നതിന് പകരം കുറഞ്ഞ അളവിൽ മാത്രം വെള്ളം ആവശ്യമുള്ള എയർകൂൾഡ് സാങ്കേതികവിദ്യയും വ്യാവസായിക ജലസ്രോതസ്സുകളുമാണ് തങ്ങളുടെ ക്യാമ്പസുകളിൽ ഉപയോഗിക്കുകയെന്ന് എയർട്രങ്ക് അറിയിച്ചു.

നേരത്തെ ഗൂഗിളിന്റെ മാതൃകമ്പനിയായ ആൽഫബെറ്റും ആന്ധ്രാപ്രദേശിൽ 15 ബില്യൺ ഡോളറിന്റെ എഐ ഹബ്ബ് വികസിപ്പിക്കുന്നതിനുള്ള നീക്കങ്ങൾ ആരംഭിച്ചിരുന്നു.

ആഗോള കമ്പനികളുടെ ഈ തുടർച്ചയായ നിക്ഷേപങ്ങൾ ദക്ഷിണേന്ത്യൻ സംസ്ഥാനത്തിന്റെ സാങ്കേതികസാമ്പത്തിക വളർച്ചയിൽ നിർണ്ണായക നാഴികക്കല്ലായി മാറുമെന്നാണ് വിലയിരുത്തപ്പെടുന്നത്.



ടെസ്ല സൈബർട്രക്ക് ഉൽപ്പാദനം നീട്ടി ഇലോൺ മസ്ക്; 2027 വേനൽക്കാലം അവസാനം വരെ നിർമ്മാണം തുടരും

ടെസ്ലയുടെ ഏറെ ചർച്ച ചെയ്യപ്പെട്ട സൈബർട്രക്കിന്റെ ഉൽപ്പാദന കാലാവധി നീട്ടിനൽകി സിഇഒ ഇലോൺ മസ്ക്. 2027 മധ്യത്തോടെ ഉൽപ്പാദനം നിർത്തുമെന്ന് പ്രഖ്യാപിച്ച് ദിവസങ്ങൾക്കകമാണ്, സ്റ്റെയിൻലെസ്സ്റ്റീൽ പിക്കപ്പ് ട്രക്കിന്റെ നിർമ്മാണം 2027 വേനൽക്കാലം അവസാനം വരെ തുടരുമെന്ന് അദ്ദേഹം പുതിയ സ്ഥിരീകരണം നൽകിയത്.

കുടിശ്ശികയുള്ള ഓർഡറുകൾ പൂർണ്ണമായി ക്ലിയർ ചെയ്യാൻ ടെസ്ലയ്ക്ക് കൂടുതൽ സമയം അനുവദിക്കുക എന്നതാണ് ഈ നീക്കത്തിന്റെ പ്രധാന ലക്ഷ്യം. ടെക്സസിലെ ഗിഗാഫാക്ടറിയിൽ കമ്പനിയുടെ പുതിയ റോബോടാക്സിയായ 'സൈബർകാബിനായി' സൗകര്യങ്ങൾ ഒരുക്കുന്നതിന്റെ ഭാഗമായി ഉൽപ്പാദനം അടുത്ത വർഷം മധ്യത്തോടെ കുറയ്ക്കുമെന്നായിരുന്നു മസ്ക് നേരത്തെ അറിയിച്ചിരുന്നത്.

ഈ അധിക ഉൽപ്പാദന സമയം ഉപഭോക്താക്കളുടെ നിക്ഷേപം നഷ്ടപ്പെടുന്നത് തടയാൻ ഏറെ സഹായിക്കുമെന്ന് വിലയിരുത്തപ്പെടുന്നു. ലൈൻ പുനർനിർമ്മിക്കുന്നതിന് മുമ്പ് ട്രക്കുകൾ നിർമ്മിക്കാൻ കഴിയാതെ വന്നാൽ വാങ്ങുന്നവരിൽ നിന്ന് ടെസ്ലയ്ക്ക് നിക്ഷേപം തിരികെ നൽകേണ്ടി വരുമായിരുന്നു.

എന്നാൽ ഈ തീരുമാനം ലാഭം പരമാവധിയാക്കുന്നതിനുള്ള മികച്ച നീതിയല്ലെന്നും, ഈ ലോകത്ത് വൈകാരികതയ്ക്ക് ഇടമുണ്ടാകണമെന്നുമുള്ള മസ്കിന്റെ പ്രസ്താവനയും ശ്രദ്ധേയമായി. ഒരിക്കൽ പ്രതീക്ഷിച്ചത്ര വിൽപ്പന കൈവരിക്കാൻ കഴിഞ്ഞില്ലെങ്കിലും, അമേരിക്കൻ റോഡുകളിലെ ഏറ്റവും തിരിച്ചറിയാവുന്ന വാഹനങ്ങളിൽ ഒന്നായി സൈബർട്രക്ക് ഇപ്പോഴും തുടരുന്നുണ്ട്.

ഫാൻസ്കളിൽ നിന്നും ഉടമകളിൽ നിന്നും ശക്തമായ പ്രതിഷേധവും 5,000ത്തിലധികം പേരുടെ ഒപ്പുകളുള്ള നിവേദനവും ഉയർന്നുവന്നതും ഈ തീരുമാനത്തിന് പിന്നിൽ പ്രധാന പങ്കുവഹിച്ചിട്ടുണ്ട്.

250,000 യൂണിറ്റുകളുടെ വാർഷിക ഉൽപ്പാദന ലക്ഷ്യവുമായി 2023 അവസാനത്തോടെ ഡെലിവറികൾ ആരംഭിച്ച സൈബർട്രക്കിന്റെ ഇതുവരെയുള്ള ആകെ വിൽപ്പന ഏകദേശം 70,000 യൂണിറ്റുകൾ മാത്രമാണെന്നാണ് വ്യവസായ കണക്കുകൾ വ്യക്തമാക്കുന്നത്.

ടെക്സസ് ലൈൻ മാറിയതിനുശേഷം സൈബർട്രക്ക് മറ്റൊരു സൗകര്യത്തിൽ നിർമ്മിക്കുമോ എന്ന കാര്യത്തിൽ ടെസ്ല ഇതുവരെ ഔദ്യോഗികമായി പ്രതികരിച്ചിട്ടില്ല. എങ്കിലും, നിലവിലെ പ്രതിസന്ധികൾക്കിടയിലും ഉപഭോക്താക്കളുടെ താൽപ്പര്യം മാനിച്ച് ഉൽപ്പാദനം നീട്ടിയത് ബ്രാൻഡിന് വലിയ ആശ്വാസമായിട്ടുണ്ട്.

RNI No:KERMAL/2018/76135 Society Today Magazine-Special Issue-Private circulation, Kochi-26, 0484-3512288 , Kerala.E-mail-societytodaynews@gmail.com